● തിരിഞ്ഞുനോട്ടം



**കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ രംഗത്ത് നിർണ്ണായക സ്വാധീനമായിരുന്ന പ്ലാച്ചിമട സമര ത്തിന്റെ പോയകാലങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ എന്തെല്ലാമാണ് വെളിപ്പെടുന്നത്?**

# പ്ലാച്ചിമട സമരം പത്രവാർത്തകളിലൂടെ

**മാധ്യമം-2003 ജനു: 12**
**കെക്കകോളയുടെ ജലചൂഷണം തടയണം-വിഎസ് അച്ചുതാനന്ദൻ**

ചിറ്റൂർ: പ്ലാച്ചിമടയിലെ കൊക്ക ക്കോള/കമ്പനി നടത്തുന്ന ഭൂഗർഭ ജലചൂഷണം തടയാൻ സർക്കാർ നട പടിയെടുക്കണമെന്ന് പ്രതിപക്ഷനേ താവ് വിഎസ് അച്ചുതാനന്ദൻ ആവ ശ്യപ്പെട്ടു. കമ്പനിയുടെ ജലചൂഷണ ത്തിനെതിരെ ഡിവൈഎഫ്ഐയും ജലസംരക്ഷണസമിതിയും നടത്തിയ താലൂക്ക് ഓഫീസ് ഉപ രോധം ഉദ്ഘാടനം ചെയ്യുകയായി രുന്നു അദ്ദേഹം.

**മാതൃഭൂമി-2003 ഫെബ്രുവരി 8**
**സിപിഎം ബഹുരാഷ്ട്രകുത്തക കൾക്ക് അനുകൂലമല്ല: പിണറായി**

പാലക്കാട്: സിപിഎം ബഹുരാ ഷ്ട്രകുത്തകകൾക്ക് അനുകൂലമ ല്ലെന്ന് പാർട്ടി സംസ്ഥാനസെക്രട്ടറി പിണറായി വിജയൻ വ്യക്തമാക്കി. രൂക്ഷമായ വളർച്ച നേരിടുന്ന പ്ലാച്ചി മടയിൽ വെള്ളമൂറ്റുന്ന കൊക്കകോള കമ്പനിയുടെ പ്രവർത്തനം ഉടൻ നിർത്തിവെപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

**മാതൃഭൂമി-2003 ജൂൺ 6**
**കൊക്കക്കോള പ്ലാന്റിനുസമീപത്തെ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന് റിപ്പോർട്ട്**

പാലക്കാട്: പ്ലാച്ചിമടയിൽ പ്രവർത്തിക്കുന്ന കൊക്കകോള പ്ലാന്റിന്റെ പരിസരത്തെ മൂന്നുകു ഴൽകിണറിലെ വെള്ളം രാസപരി ശോധനക്ക് വിധേയമാക്കിയപ്പോൾ അത് കുടിക്കാൻ യോഗ്യമല്ലെന്ന് തെളിഞ്ഞു. വെള്ളത്തിനു കാഠി ന്യവും ക്ലോറൈഡുകളുടെ അളവും കൂടുതലാണെന്ന് കണ്ടെത്തി.

**മാതൃഭൂമി-2003 ആഗസ്റ്റ് 6**
**സിഎസ്ഇയുടെ വെളിപ്പെടുത്തൽ കൊക്കകോളയിലും പെപ്സിയിലും വിഷാംശം കണ്ടെത്തി**

ന്യൂഡൽഹി: പെപ്സി, കൊക്ക കോള എന്നീ ബഹുരാഷ്ട്ര കമ്പനി കളുടെ ശീതളപാനീയ ഉത്പന്നങ്ങ ളിൽ കാൻസറും ജനനവൈകല്യങ്ങ ളുമുണ്ടാക്കുന്ന മാരകകീടനാശിനി യുടെ അംശം കണ്ടെത്തിയതായി പഠ നറിപ്പോർട്ട്. 'ഡൗൺടു എർത്ത്' എന്ന പ്രമുഖ ശാസ്ത്ര പരിസ്ഥിതി മാസികയുടെ പ്രസാധകരായ ഡൽഹിയിലെ 'സെന്റർ ഫോർ സയൻസ് ആന്റ് എൻവിറൺമെന്റ്' (സിഎസ്ഇ) നടത്തിയ പഠനത്തി ലാണ് ഇന്ത്യയിൽ വിൽപനയുള്ള 12 ശീതളപാനീയങ്ങളിൽ കീടനാശിനി യുടെ സാന്നിധ്യം കണ്ടെത്തിയത്.

**മാധ്യമം-2003 ആഗസ്റ്റ് 7**
**കോളവളത്തിൽ ഉയർന്ന തോതിൽ കാഡ്മിയം: മലിനീകരണനിയന്ത്രണ ബോർഡ്**

തിരുവനന്തപുരം: വളമെന്ന് കർഷകരെ വിശ്വസിപ്പിച്ച് കൃഷിയിട ങ്ങളിൽ നിക്ഷേപിക്കാൻ പ്ലാച്ചിമട യിലെ കൊക്കകോള കമ്പനി വിത രണം ചെയ്ത ഖരമാലിന്യത്തിൽ മാരകരോഗങ്ങൾക്ക് കാരണമാവുന്ന കാഡ്മിയത്തിന്റെ അളവ് കൂടുതൽ.

**മാതൃഭൂമി-2003 ആഗസ്റ്റ് 12**
**മുഖ്യമന്ത്രിക്കൊരു തുറന്ന കത്ത്: ഇതാണോ കോളവിരുദ്ധ സമരത്തിലെ രാഷ്ട്രീയം**

'ഇൻടാക്കിലെ ഡോ. സതീഷ്ച ന്ദ്രൻ പ്ലാച്ചിമടയിലെ ആദിവാസി കിണറുകളിൽ മാരകമായ തോതിൽ വിഷാംശങ്ങൾ കണ്ടെത്തി. കേരള ശാസ്ത്രസാഹിത്യ പരിഷത്തിലെ ശാസ്ത്രജ്ഞർ നടത്തിയ പരിശോധ നയിലും വിഷാംശം കണ്ടെത്തി. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധന യിലും പാഴ്ഖരമാലിന്യങ്ങളിൽ അനു വദനീയ പരിധിയുടെ നാലിരട്ടി വിഷാംശം ഉള്ളതായി തെളിഞ്ഞു. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീ സർ പ്ലാച്ചിമടയിലെ വെള്ളം വിഷലി പ്തമാണെന്ന് ആവർത്തിച്ചുപറഞ്ഞു.

ഇവരുടെയൊക്കെ റിപ്പോർട്ടുകൾ രാഷ്ട്രീയപ്രേരിതമാണെന്ന് പാലക്കാട്ടുകാരനായ ധനമന്ത്രി പറയുമോ?'

**മാതൃഭൂമി 2003 ആഗസ്റ്റ് 20**
**വിഷാംശമുണ്ടെന്ന് തെളിഞ്ഞാൽ സമരത്തിനിറങ്ങും: കെ. അച്ചുതൻ**

പാലക്കാട്: കൊക്കകോളയിൽ വിഷാംശമുണ്ടെന്ന് തെളിഞ്ഞാൽ പ്ലാച്ചിമടയിലെ കോളകമ്പനി അടച്ചുപൂട്ടിക്കാൻ സമരത്തിനിങ്ങുമെന്ന് സ്ഥലം എംഎൽഎ കെ. അച്ചുതൻ പറഞ്ഞു.

**മാധ്യമം 2005 ഏപ്രിൽ 8**
**കോളകമ്പനിക്ക് ഹൈക്കോടതി പ്രവർത്തനാനുമതി നൽകി**

കൊച്ചി: പ്ലാച്ചിമട കൊക്കകോള കമ്പനിക്ക് ഹൈക്കോടതി പ്രവർത്തനാനുമതി നൽകി. കമ്പനി അപേക്ഷ നൽകിയാൽ രണ്ടാഴ്ചക്കകം ലൈസൻസ് പുതുക്കണമെന്ന് പെരുമാട്ടി പഞ്ചായത്തിന് നിർദേശം നൽകി.

**മാതൃഭൂമി 2005 മെയ് 6**
**കോളവിമുക്ത പഞ്ചായത്ത് പ്രചാരണം ഊർജിതം**

പ്ലാച്ചിമട: പെരുമാട്ടി ഗ്രാമപഞ്ചായത്തിന് കൊക്കക്കോളയുടെയും പെപ്സി കോളയുടെയും ഉൽപന്ന വിമുക്തമാക്കുന്നതിന് വ്യാപകപ്രചാരണം. മെയ് 15മുതൽ കോള ഉത്പന്നങ്ങൾ വിൽക്കുകയോ വാങ്ങുകയോ ചെയ്യാതിരിക്കുകയാണ് ലക്ഷ്യം.

**മാധ്യമം 2005 മെയ് 7**
**കൊക്കകോള: പരിസ്ഥിതി-ആരോഗ്യ പ്രശ്നങ്ങളും കോടതിയുടെ പരിഗണനയിൽ**

പാലക്കാട്: കൊക്കകോള കേസിൽ ഹൈക്കോടതി വിധിക്കെതിരായ പെരുമാട്ടി പഞ്ചായത്തിന്റെ അപ്പീൽ ഫയലിൽ സ്വീകരിച്ച് സുപ്രീംകോടതി മലിനീകരണ നിയന്ത്രണബോർഡിനും ആരോഗ്യവകുപ്പിനും നോട്ടീസയക്കാൻ തീരുമാനിച്ചതോടെ ഭൂജലമൂറ്റലിനപ്പുറം കോള പ്രശ്നത്തിന് വിപുലമാനങ്ങൾ.

**മാധ്യമം-2005 മെയ് 31**
**പ്ലാച്ചിമട സമരം ഗോത്രമഹാസഭ ഏറ്റെടുക്കും**

പാലക്കാട്: ആദിവാസികൾ നടത്തിവരുന്ന പ്ലാച്ചിമടയിലെ കോളവിരുദ്ധ സമരം ഗോത്രമഹാസഭ ഏറ്റെടുത്ത് ശക്തമാക്കുമെന്ന് ഗോത്രഹാസഭാധ്യക്ഷ സികെ. ജാനു പറഞ്ഞു.

**മാധ്യമം 2004 ജനുവരി 21**
**പ്ലാച്ചിമട ഒരുങ്ങി; ലോകജലസമ്മേളനം ഇന്ന്**

പാലക്കാട്: ലോകജനസമ്മേളനത്തിന് ഇന്ന് പ്ലാച്ചിമടയിൽ തുടക്കം. മൂന്നുദിവസത്തെ സമ്മേളനത്തിൽ അമേരിക്ക, കാനഡ, ഫ്രാൻസ്, സ്വീഡൻ, ഫിൻലാന്റ് എന്നീ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുമെന്ന് സംഘാടകസമിതി ചെയർമാൻ ഡോ. സുകുമാർ അഴീക്കോട്, ജനറൽകൺവീനർ എൻ എൻ. കൃഷ്ണദാസ് എംപി, വർക്കിംഗ് ചെയർമാൻ കെ. കൃഷ്ണൻകുട്ടി എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

**മാധ്യമം 2004 നവംബർ 22**
**പ്ലാച്ചിമടയിലെ കാർഷിക വിളകളിൽ രാസമാലിന്യ പ്രത്യാഘാതം**

ചിറ്റൂർ: പ്ലാച്ചിമടയിലെ കാർഷിക വിളകളിൽ കൊക്കകോള ഫാക്ടറി പുറംതള്ളുന്ന രാസമാലിന്യങ്ങളുടെ പ്രത്യാഘാതം. തേങ്ങ, കായ, നിലക്കടല, മാങ്ങ എന്നിവയിൽ രുചിഭേദം കണ്ടുതുടങ്ങി. വിളവിലും കുറവുണ്ട്.

**മാധ്യമം-2005 ജനുവരി 16**
**കോള വിരുദ്ധ സമരം: എഴുത്തുകാർ വേറിട്ടുനിൽക്കേണ്ടവരല്ലെന്ന് അഴീക്കോട്**

പ്ലാച്ചിമട: കോളപോലെയുള്ള വൻവിപത്തുകളുടെ കാര്യത്തിൽ എഴുത്തുകാർ വേറിട്ട് നിൽക്കേണ്ടവരല്ലെന്ന് ഡോ. സുകുമാർ അഴീക്കോട്.

**മാതൃഭൂമി 2005 മാർച്ച് 11**
**പ്ലാച്ചിമട ഉൾകൊണ്ട് സ്വയം വിമർശനം വേണം: ബേബി**

തിരുവനന്തപുരം: പ്ലാച്ചിമട സമരത്തിലെ രാഷ്ട്രീയനിലപാട് ഉൾകൊണ്ടുകൊണ്ട് സമരം ശക്തമാക്കുന്നതിനായി രാഷ്ട്രീയപാർട്ടികൾ സ്വയം വിമർശനം നടത്തണമെന്ന് സിപിഎം നേതാവ് എംഎ. ബേബി പറഞ്ഞു.



മെഹദിഗഞ്ചിൽ കോളകമ്പനിക്കെതിരെ സമരം നടത്തുന്ന പ്രവർത്തകർ

**മനോരമ 2005 മാർച്ച് 22**
**ഡിവൈഎഫ് മനുഷ്യചങ്ങല 29ന് പ്ലാച്ചിമടയിൽ**

പാലക്കാട്: കോളകളെ നാടുകടത്തുക, ജീവജലം സംരക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തി 29ന് വൈകീട്ട് 4ന് ഡിവൈഎഫ്ഐയുടെ നേതൃത്വത്തിൽ പ്ലാച്ചിമടയിൽനിന്നും, കഞ്ചിക്കോട്ടുനിന്നും കലക്ട്രേറ്റിലേക്ക് മനുഷ്യച്ചങ്ങല സൃഷ്ടിക്കും.

**മാതൃഭൂമി 2004 ജനുവരി 22**
**ജീവിക്കാനുള്ള അവകാശത്തെ പണയം വെക്കാനാവില്ല: എം ടി**

പ്ലാച്ചിമട: ജീവന്റെ ആധാരമായ ജലത്തെ കൊള്ളയടിക്കുന്നത് ജീവിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യലാണെന്നും അത് അനുവദിച്ചുകൊടുക്കാൻ ഒരു ജനതയ്ക്കും സാധ്യമല്ലെന്നും എം ടി വാസുദേവൻനായർ അഭിപ്രായപ്പെട്ടു.

**മാധ്യമം: 2004 ഫെബ്രുവരി 5**
**സംയുക്ത പാർലിമെന്ററി സമിതി മലിനീകരണം കണ്ടെത്തി**

ന്യൂഡൽഹി: പ്ലാച്ചിമടയിലെ കൊക്കകോള പ്ലാന്റും പുതുശ്ശേരിയിലെ പെപ്സി പ്ലാന്റും രോഗങ്ങൾ പടർത്തുകയും ജലം മലിനപ്പെടുകയും വിളകൾ മോശമാക്കുകയും ചെയ്യുന്നതായി സംയുക്ത പാർലമെന്ററി സമിതി കണ്ടെത്തി.